പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1115

04/12/2014 ലെ മറുപടിക്ക്

എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ് തോമസ്<br>ശ്രീ തോമസ് ഉണ്ണിയാടൻ<br>ശ്രീ റ്റി.യു കുരുവിള | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപക അനദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയമം അനുശാസിക്കുന്ന നടപടികൾ എടുക്കുന്ന കാലതാമസം മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളു. |
| (ബി) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ കാലതാമസം ഒഴിവാക്കി അംഗീകരിച്ചു നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | | അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ കാലതാമസം ഒഴിവാക്കി അംഗീകരിച്ചു നൽകുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നതായിരിക്കും. നിയമനാംഗീകാരം നൽകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം കൃത്യമായി പാലിച്ച് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അംഗീകരിച്ചു നൽകുന്നതിന് കാലതാമസം വരാറില്ല. എന്നാൽ നിയമന കാര്യത്തിൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള വ്യവസ്ഥകൾ പല കാരണങ്ങളാലും പാലിക്കാത്തതിനാൽ പല നിയമനങ്ങളും സമയബന്ധിതമായി അംഗീകരിച്ചു നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ട്. കൂടാതെ നിയമനം സംബന്ധിച്ച തർക്കപ്രശ്നങ്ങളും മറ്റു വ്യവഹാരങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റും തീർപ്പാക്കാതെ കിടക്കുന്ന സാഹചര്യത്തിൽ ആയതു സംബന്ധിച്ച തീരുമാനമെടുത്തതിനുശേഷം മാത്രമേ നിയമനാംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ